മാവേലി സ്റ്റോറുകളോ ലാഭം മാർക്കറ്റുകളോ ഇല്ലാത്ത പഞ്ചായത്തുകൾ

236 [1185] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ മാവേലി സ്റ്റോറുകളോ ലാഭം മാർക്കറ്റുകളോ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ സൗകര്യപ്പെടുത്തിയിട്ടുള്ളതെന്നും അവ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും വെളിപ്പെടുത്തുമോ;

(സി) എല്ലാ മാവേലി സ്റ്റോറുകളിലും ലാഭം മാർക്കറ്റുകളിലും എല്ലാ സാധനങ്ങളും ലഭ്യമാക്കാനും പൊതുമാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കുതന്നെ സാധനങ്ങൾ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ മൈനാഗപ്പള്ളി, പള്ളിക്കൽ, ഉദയഗിരി, മുഡാഡി, പട്ടുവം, കുറുവ, കേളകം, മുല്ലൂർക്കര, പാഞ്ഞാൾ, കുത്തന്നൂർ, കൂട്ടിലങ്ങാടി, തുവ്വൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ അനുവാദം നൽകിയിട്ടുള്ളതും അവ ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

(സി) എല്ലാ മാവേലി സ്റ്റോറുകളിലും ലാഭം മാർക്കറ്റുകളിലും എല്ലാ സാധനങ്ങളും പൊതുമാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുന്ദമംഗലം മണ്ണാശ്ശേരിയിൽ മാവേലി സ്റ്റോർ

237 [1186] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിൽ മണ്ണാശ്ശേരി അങ്ങാടിയിൽ മാവേലി സ്റ്റോർ ആരംഭിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത മാവേലി സ്റ്റോർ എന്നത്തേക്ക് യാഥാർത്ഥ്യമാവുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ബാധകമല്ല.

ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ, ചളവറ, ലക്കിടി-പേരൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ

238 [1187] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ, ചളവറ, ലക്കിടി-പേരൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ, ചളവറ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്കിടി-പേരൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി അനുയോജ്യമായ കെട്ടിടം പഞ്ചായത്തധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശബരി സൂപ്പർ മാർക്കറ്റുകൾ

239 [1188] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ശബരി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly